## അവകാശലംഘന പ്രശ്നങ്ങൾ

അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിച്ചവ:

മി. സ്പീക്കർ: (1) മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് മറ്റുചില കേസുകളിൽ കോടതിയിൽ ഹാജരാകുന്നത് സംബന്ധിച്ച് 14.07.2016-ൽ പ്രതിപക്ഷ നേതാവ് നോട്ടീസ് നൽകിയ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടിയും പ്രസ്തുത വിഷയം സംബന്ധിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 19.07.2016-ൽ ഹൈക്കോടതിയിൽ പറഞ്ഞതും കടകവിരുദ്ധമാണെന്നും യഥാർത്ഥ വസ്തുത സഭയെ അറിയിക്കാൻ അവസരമുണ്ടായിട്ടും മുഖ്യമന്ത്രി അപ്രകാരം ചെയ്യാതെ മന:പൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നുവെന്നും ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് സർവ്വശ്രീ പി. ടി. തോമസ്, ഒ. രാജഗോപാൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ

വിശദീകരണത്തിൽ നിയമസഭയിൽ താൻ നൽകിയ മറുപടിയും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയെ ധരിപ്പിച്ചതും ഘടകവിരുദ്ധമായ കാര്യങ്ങളല്ലായെന്നും "ശ്രീ. എം. കെ. ദാമോദരൻ മുഖ്യമന്ത്രിയുടെ ഉപദേശകനായിരിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള പ്രതിഫലം പറ്റിക്കൊണ്ടല്ല, ഒരു പ്രതിഫലവും അദ്ദേഹം പറ്റുന്നില്ല" എന്ന് പറഞ്ഞത് വസ്തുതാപരമായി ശരിയാണെന്നും "ആ നിലയ്ക്ക് അദ്ദേഹം മുഖ്യമന്ത്രിയുടെ ഉപദേശകനായി തുടരുകയാണ്" എന്ന് തുടർന്ന് പരാമർശിച്ചത് ഉപദേശകൻ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അദ്ദേഹം ഒരു പ്രതിഫലവും പറ്റുന്നില്ല എന്ന അർത്ഥത്തിലാണെന്നും മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവായി ശ്രീ. എം. കെ. ദാമോദരനെ നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് മേൽപരാമർശങ്ങൾ സഭയിൽ നടത്തിയതെന്നും വ്യക്തമാക്കുന്നു. കൂടാതെ ശ്രീ. എം. കെ. ദാമോദരൻ ചുമതലയേറ്റെടുത്തിട്ടില്ലായെന്ന് 19.07.2016-ൽ ഹൈക്കോടതിയെ ബോധിപ്പിച്ചത് വസ്തുതാപരമാണെന്നും ശ്രീ. എം. കെ. ദാമോദരൻ ചുമതല ഏറ്റെടുത്തതായി തന്റെ മറുപടിയിൽ ഒരിടത്തും പറഞ്ഞിട്ടില്ലായെന്നും അതുകൊണ്ടുതന്നെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ

ബോധിപ്പിച്ചതും നിയമസഭയിൽ താൻ നൽകിയ മറുപടിയും തമ്മിൽ വൈരുദ്ധ്യമില്ലെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ പി. ടി. തോമസ്, ഒ. രാജഗോപാൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

**2.** 28.06.2016-ലെ അടിയന്തര പ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിൽ കുട്ടിമാക്കൂലിലെ അഖില, അഞ്ജന എന്നീ പെൺകുട്ടികളും പിതാവ് രാജനും തലശ്ശേരി പോലീസ് സ്റ്റേഷനിൽ പോയി സ്വയം അറസ്റ്റ് വരിക്കുകയായിരുന്നുവെന്നും പെൺകുട്ടികൾ പോലീസ് സ്റ്റേഷനിൽ പോകുമ്പോൾ ഒന്നര വയസ്സുള്ള കൈക്കുഞ്ഞ് കയ്യിൽ ഇല്ലായിരുന്നുവെന്നും പിന്നീട് കുഞ്ഞിനെ കൊണ്ടുവന്നതാണെന്നും പറഞ്ഞത് സത്യവിരുദ്ധമാണെന്നും അതിനാൽ സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ച പ്രസ്തുത പ്രസ്താവന പിൻവലിക്കാത്തപക്ഷം മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നൽകണമെന്നും

ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്നു.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിൽ "കുട്ടിമാക്കൂലിലെ അഖില, അഞ്ജന എന്നീ പെൺകുട്ടികളും പിതാവ് രാജനും തലശ്ശേരി പോലീസ് സ്റ്റേഷനിൽ പോയി സ്വയം അറസ്റ്റ് വരിക്കുകയായിരുന്നു" , "സ്വയം പോലീസ് സ്റ്റേഷനിൽ പോയി കീഴടങ്ങി" എന്നീ വാചകങ്ങൾ സഭയിൽ നൽകിയ വിശദീകരണത്തിൽ ഇല്ലായെന്നും അറസ്റ്റ് ചെയ്ത അവസരത്തിൽ കുഞ്ഞ് പ്രതിയുടെകൂടെ ഇല്ലെന്നുപറഞ്ഞത് ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്നും പറഞ്ഞിരിക്കുന്നു. സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമവും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും വിശദീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേൽവിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കെ. സി. ജോസഫിന് ചെയർ അനുമതി നിഷേധിക്കുന്നു.

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്കയച്ച അവകാശ ലംഘന പ്രശ്നം

താനൂർ തീരപ്രദേശത്തെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. കൂടിയായ തന്നെ അറിയിക്കാതെ സമാധാനയോഗം വിളിച്ചുചേർത്തത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മലപ്പുറം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയെന്നും ഒരു എം.എൽ.എ. യോട് ജില്ലാ കളക്ടർ കാണിക്കേണ്ട സാമാന്യ പെരുമാറ്റരീതിപോലും ജില്ലാ കളക്ടറുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. അബ്ദുറഹിമാൻ നൽകിയ പരാതി ആവശ്യമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.